## നമുക്കൊരു വെബ് പേജ് തയ്യാറാക്കാം

## ചില മാതൃകാ ചോദ്യങ്ങളും , ഉത്തരം ചെയ്യേണ്ട രീതിയും

### ചോദ്യം1

ഹോമിലെ Exam 10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ, ക്ലാസ് നമ്പർ എന്ന പേരിൽ ഒരു ഫോൾഡർ തയ്യാറാക്കുക. ഇതിലേക്ക് ഹോമിലെ Exam Documents ൽ നിന്ന്index.html school.html itclub.html, nature club.html എന്നീ html ഫയലുകൾ കോപ്പി ചെയ്യുക. index.html എന്നതിനെ kompozer soft wear ഉപയോഗിച്ച് തുറക്കുക.ഇതിലെ school,itclub, nature club എന്നീ വാക്കുകൾക്ക് അതാത് html ഫയലുമായി ലിങ്ക് നൽകി സേവ് ചെയ്യുക. index.html ഫയൽ വെബ് ബ്രൗസറിൽ തുറന്ന് പ്രവർത്തനം പരിശോധിക്കുക.

### ഉത്തരം ചെയ്യേണ്ട രീതി

- ഹോമിലെ Exam 10 എന്ന ഫോൾഡറിൽ പതിയൊരു ഫോൾഡർ നിർമ്മിക്കുക ( window right click-create folder/file- new folder). നിങ്ങളുടെ രജിസ്റ്റർ നമ്പർ, ക്ലാസ് നമ്പർ എന്നിവ ഫയൽ നാമമായി നൽകുക.
- ഹോമിലെ Exam Documents തുറന്ന് അതിൽ നിന്ന് index.html school.html itclub.html, nature club.html എന്നീ html ഫയലുകളെ കോപ്പി ചെയ്ത് നിങ്ങൾ തയ്യാറാക്കിയ ഫോൾഡറിലേക്ക് പേസ്റ്റ് ചെയ്യുക.

- index.html എന്ന ഫയൽ കംമ്പോസർ സോഫ്റ്റ് വെയറിൽ തുറക്കുക.(ഫയലിൽ റൈറ്റ് ക്ലിക് ചെയ്ത് open with kompozer)
- ഇതിലെ school എന്ന വാക്ക് സെലക്ട് ചെയ്ത് insert – link മെനുവിലൂടെ ഹോമിനകത്തെ school.html എന്ന ഫയൽ തുറക്കുക. (insert- link എന്ന മെനുവിൽ ക്ലിക് ചെയ്താൽ തുറന്ന് വരുന്ന ബോക്സിൽനിന്ന് വലത്തെയറ്റത്ത് ഫോൾഡറിന്റെ ചിത്രത്തിൽ ക്ലിക് ചെയ്ത് വേണംschool.html എന്ന ഫയൽ തുറക്കേണ്ടത്.)
- itclub, nature club തുടങ്ങിയ വാക്കുകൾക്ക് ഇതേ രീതിയിൽ ലിങ്ക് നൽകുക.
- തുടർന്ന് ഈ ഫയൽ സേവ് ചെയ്യുക.( save button click ചെയ്താൽ മതി)

  ഹോമിലെ Exam Documents ൽ നിന്ന്index.html ഫയൽ വെബ് ബ്രൗസറിൽ തുറന്ന് പ്രവർത്തനം പരിശോധിക്കുക.

**ചോദ്യം 2**

ഹോമിലെ Exam documents ൽ നൽകിയിട്ടുള്ള it club.html എന്ന webpage നെ kompozer ൽ തുറന്ന് താഴെ പറയുന്ന മാറ്റങ്ങൾ വരുത്തി ഹോമിലെ exam 10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

It club എന്നത് തല വാചകമായി നൽകുക.

ഹോമിലെ image10 ൽ നിന്ന് it club_logo.jpg

എന്ന ചിത്രം ഉൾപ്പെടുത്തുക?

**ഉത്തരം ചെയ്യേണ്ട രീതി**

- ഹോമിലെ Exam documents ൽ നൽകിയിട്ടുള്ള it club.html എന്ന ഫയലിൽ റൈറ്റ് ക്ലിക് ചെയ്ത് കംമ്പോസറിൽ തുറക്കുക
- It club എന്ന വാക്കിനെ ഡ്രാഗ് ചെയ്ത് സെലക്ട് ചെയ്യുക.
- image മെനു സെലക്ട് ചെയ്ത് image ലൊക്കേഷനു നേരേ കാണുന്ന choose file എന്ന ഫോൾഡർ തുറന്ന് ഹോമിലെ image10 ൽ നിന്ന് itclub_logo.jpg എന്ന ചിത്രം സെലക്ട് ചെയ്ത് ok ബട്ടൺ ക്ലിക് ചെയ്യുക. തുറന്ന് വരുന്ന ബോക്സിലെ Don't use alternate എന്ന option ക്ലിക് ചെയ്ത് ok നൽകുക.




- ഈ ഫയലിനെ exam 10 എന്ന ഫോൾഡറിലേക്ക് സേവ് ചെയ്യുക. (file – save as- select exam 10 folder in home- give register number- save)

**ചോദ്യം 3**

it club നു വേണ്ടി തയ്യാറാക്കി കൊണ്ടിരിക്കുന്ന gallery.html എന്ന webpage Exam documents ൽ നിന്ന് kompozer ൽ തുറന്ന് താഴെ പറയുന്ന മാറ്റങ്ങൾ വരുത്തി ഹോമിലെ exam 10 എന്ന ഫോൾഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

പട്ടികയിലെ മുകൾ വരിയിലെ സെല്ലുകൾ ഒന്നിച്ചാക്കുക

ഈ മെർജ് ചെയ്ത സെല്ലിലേക്ക് home ലെ image 10 ൽ നിന്ന് itclub_logo.jpg എന്നചിത്രഫയൽ ഉൾപ്പെടുത്തുക.

**ഉത്തരം ചെയ്യേണ്ട രീതി**

- ഹോമിലെ Exam documents ൽ നൽകിയിട്ടുള്ള gallery.html എന്ന ഫയലിൽ റൈറ്റ് ക്ലിക് ചെയ്ത് കംമ്പോസറിൽ തുറക്കുക
- മുകൾ വരിയിലെ സെല്ലുകൾ ഡ്രാഗ് ചെയ്ത് സെലക്ട് ചെയ്യുക.
- സെല്ലിൽ റൈറ്റ് ക്ലിക് ചെയ്തോ, table മെനുവിൽ നിന്നോ join selected cells എന്ന option തെരഞ്ഞെടുക്കുക.




- image മെനു സെലക്ട് ചെയ്ത് image ലൊക്കേഷനു നേരേ കാണുന്ന choose file എന്ന ഫോൾഡർ തുറന്ന് ഹോമിലെ image10 ൽ നിന്ന് itclub_logo.jpg എന്ന ചിത്രം സെലക്ട് ചെയ്ത് ok ബട്ടൺ ക്ലിക് ചെയ്യുക. തുറന്ന് വരുന്ന ബോക്സിലെ Don't use alternate എന്ന option ക്ലിക് ചെയ്ത് ok നൽകുക.
- ഈ ഫയലിനെ exam 10 എന്ന ഫോൾഡറിലേക്ക് സേവ് ചെയ്യുക. (file – save as- select exam 10 folder in home- give register number- save)

**ചോദ്യം 4**

kompozer സോഫ്റ്റ് വെയർ തുറന്ന് താഴെ പറയുന്ന നിർദേശങ്ങൾ ക്കനുസരിച്ചുള്ള ഒരു വെബ് പേജ് തയ്യാറാക്കി ഹോമിലെ exam 10 എന്ന ഫോൾ ഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.

MYSCHOOL  എന്ന് തലവാചകം നൽകുക.

home ലെ image 10 ൽ നിന്ന് schoolphoto.jpg

എന്നചിത്രഫയൽ ഉൽപ്പെടുത്തുക.

**ഉത്തരം ചെയ്യേണ്ട രീതി**

- kompozer സോഫ്റ്റ് വെയർ open ചെയ്യുക.(application-internet -kompozer)
- format- paragraph മെനുവിൽ നിന്ന് heading 1 സെലക്ട് ചെയ്ത് MY SCHOOL എന്ന് ടൈപ്പ് ചെയ്യുക.
- image മെനു സെലക്ട് ചെയ്ത് image ലൊക്കേഷനു നേരേ കാണുന്ന choose file  എന്ന ഫോൾഡർ തുറന്ന്  ഹോമിലെ image10 ൽ നിന്ന് schoolphoto.jpg എന്ന ചിത്രം സെലക്ട് ചെയ്ത് ok ബട്ടൺ ക്ലിക് ചെയ്യുക. തുറന്ന് വരുന്ന ബോക്സിലെ Don't use alternate എന്ന option ക്ലിക് ചെയ്ത് ok  നൽകുക.
- ഈ ഫയലിനെ exam 10 എന്ന ഫോൾഡറിലേക്ക് സേവ് ചെയ്യുക. (file – save as- select exam 10 folder in home- give register number- save)

**ചോദ്യം 5**

kompozer സോഫ്റ്റ് വെയർ open ചെയ്ത് മാതൃകയിലേത് പോലെ തയ്യാറാക്കി ഹോമിലെ exam 10 എന്ന ഫോൾ ഡറിൽ നിങ്ങളുടെ രജിസ്റ്റർ നമ്പർ ഫയൽ നാമമായി നൽകി സേവ് ചെയ്യുക.?

**മാതൃക**



**ഉത്തരം ചെയ്യേണ്ട രീതി**

- kompozer സോഫ്റ്റ് വെയർ open ചെയ്യുക.(application-internet – kompozer)
- table ഐക്കണിൽ നിന്ന് 5 കോളങ്ങൾ സെലക്റ്റ് ചെയ്ത് മാതൃകയിലേത് പോലെ ടൈപ്പ് ചെയ്യുക.
- ഈ ഫയലിനെ exam 10 എന്ന ഫോൾഡറിലേക്ക് സേവ് ചെയ്യുക. (file – save as- select exam 10 folder in home- give register number- save)

തയ്യാറാക്കിയത്
ഹൗലത്ത് .കെ
സി കെ എച്ച് എസ് മണിമൂളി
നിലമ്പൂർ.